**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന ബധിര ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2674/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
തീയതി, 27/11/2019

പരാമർശം: - കേരള സ്പോർട് സ് കൗൺസിൽ ഓഫ് ഡഫ് ജനറൽ സെക്രട്ടറിയുടെ 14/03/2019 ലെ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന ബധിര ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് 2019 ജനുവരി 16,17,18,19 തീയതികളിൽ തിരുവല്ലയിൽ വച്ച് നടന്നു. ചാമ്പ്യൻഷിപ്പ് കഴിഞ്ഞ് വലിയ സാമ്പത്തിക ബാദ്ധ്യത ഉള്ളതിനാലും, ബധിര അസ്സോസിയേഷന് സ്വന്തമായി ഫണ്ട് ഇല്ലാത്തതിനാലും പത്തനംതിട്ട ജില്ലയിലെ പഞ്ചായത്തുകളിൽ നിന്ന് 5,000/- രൂപ വീതവും മുനിസിപ്പാലിറ്റികളിൽ നിന്ന് 10,000/- രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്ന് 25,000/- രൂപയും അനുവദിച്ച് തരണമെന്ന് കേരള സ്പോർട് സ് കൗൺസിൽ ഓഫ് ഡഫ് ജനറൽ സെക്രട്ടറി പരാമർശ കത്ത് പ്രകാരം അപേക്ഷിച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ജനുവരിയിൽ തിരുവല്ലയിൽ വച്ച് നടന്ന സംസ്ഥാന ബധിര ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിന്റെ ചെലവിലേയ്ക്കായി പത്തനംതിട്ട ജില്ലയിലെ പഞ്ചായത്തുകളിൽ നിന്ന് 5,000/- രൂപ(അയ്യായിരം രൂപ) വീതവും മുനിസിപ്പാലിറ്റികളിൽ നിന്ന് 10,000/- രൂപ(പതിനായിരം രൂപ) വീതവും ജില്ലാ പഞ്ചായത്തിൽ നിന്ന് 25,000/- രൂപയും(ഇരുപത്തയ്യായിരം രൂപ) അതാത് തദ്ദേശ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് യഥേഷ്ടഅനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ /ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

File No.LSGD-FM2/218/2019-LSGD

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ